## അദ്ധ്യായം 106
# ഖുറൈശ്
അവതരണം മക്കയിൽ, വചനങ്ങൾ 4

അദ്ധ്യായപരിചയം:

അറേബ്യയിൽ വിശേഷിച്ച് മക്കയിൽ പേരും പ്രശസ്തിയുമുള്ള ഗോത്രമാണ് ഖുറൈശ്. കഅ്ബയുടെ പരിചാരകരും ഹാജിമാർക്ക് പാനജലം നല്കലും ഈ ഗോത്രത്തിൻെറ കുത്തകയായിരുന്നു. കൂടാതെ ദൂരദിക്കുകളിൽനിന്ന് അവിടെയെത്തുന്ന ഹജജ് സംഘത്തിനും കച്ചവടസംഘത്തിനും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തിരുന്നതും ഖുറൈശികൾ തന്നെയായിരുന്നു. അതുമൂലം അറബികളും അനറബികളുമായ കച്ചവടസംഘങ്ങളുടെ പ്രശംസ പിടിച്ചുപറ്റാനും അവരുടെയൊക്കെ ബഹുമാനാദരവുകൾ കരസ്ഥമാക്കുവാനും ഈ ഗോത്രത്തിന് പെട്ടെന്ന് സാധിച്ചു.

മക്കയുടെ അധികാരവും ഇവരുടെ കൈകളിൽ ഭദ്രമായിരുന്നു. അന്ന് അറേബ്യയും അയൽദേശങ്ങളും തമ്മിൽ നിലനിന്നിരുന്ന വാണിജ്യത്തിൻെറ പ്രധാന കണ്ണി മക്കയായിരുന്നു. പ്രത്യേകിച്ച് സിറിയ, ഈജിപ്ത്, യമൻ, ഇറാഖ്, ഇറാൻ, അബ്സീനിയ തുടങ്ങിയ രാജ്യങ്ങളുമായുള്ള കച്ചവടത്തിൽ മക്കയെ മാറ്റിനിർത്താനാകാത്ത വിധത്തിലായിരുന്നു അതിൻെറ ഭൂമിശാസ്ത്രപരവും ആത്മീയവുമായ അവസ്ഥ. അതിനാൽ തന്നെ ഈ രാജ്യങ്ങളുടെ വാണിജ്യമേഖയിൽ ഒരു ഇടനിലക്കാരൻെറ റോളിൽ നില്ക്കുവാനും അവിടങ്ങളിലെ മിക്ക സാധനങ്ങളും മക്കയിൽ കൊണ്ടുവരാനും മക്കയെ വാണിജ്യകേന്ദ്രമാക്കാനും അതുവഴി ഖുറൈശികൾക്ക് സാധിച്ചു. ഈ രാജ്യങ്ങളുമായി അവർക്ക് നല്ല ബന്ധങ്ങൾ ഉണ്ടാക്കുവാനും അത് ഉപകരിച്ചു.

ഖുറൈശികൾ വിദഗ്ധരായ കച്ചവടക്കാരായിരുന്നു. സിറിയ, യമൻ തുടങ്ങിയ രാജ്യങ്ങളുമായി അവർക്കുണ്ടായിരുന്ന വാണിജ്യബന്ധം വളരെ ശക്തവും പ്രശസ്തവുമായിരുന്നു. ഗോത്രവൈരവും കൊള്ളയും നിലനിന്നിരുന്ന അന്നത്തെ സാമൂഹിക ചുറ്റുപാടിൽ സാധനങ്ങളുമായി ഉദ്ദേശിച്ച നാടുകളിൽ എത്തുകയെന്നത് ശ്രമകരമായിരുന്നു. എന്നാൽ ഖുറൈശീ കച്ചവടസംഘത്തെ സംബന്ധിച്ചിടത്തോളം ഈ പറഞ്ഞ തരത്തിലുള്ള പ്രതിബന്ധങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇടയ്ക്ക് ചില ഗോത്രങ്ങൾ ഏർപ്പെടുത്തിയിരുന്ന കരംപിരിവിൽനിന്നും ഖുറൈശികച്ചവടസംഘം മുക്തരായിരുന്നു. മക്കയിലെത്തുന്ന ആർക്കും അവർ ചെയ്തുകൊടുത്തിരുന്ന വിശിഷ്ടമായ ആതിഥ്യമായിരുന്നു അതിന് കാരണം.

അക്കാലത്ത് ഉയർന്ന സാഹിത്യമികവും വൈജ്ഞാനിക നിലവാരവും പുലർത്തിയിരുന്ന ഏക ഗോത്രവും ഖുറൈശായിരുന്നു. ചുരുക്കത്തിൽ വാണിജ്യപരമായി മധ്യപൗരസ്ത്യദേശത്ത് ഉയർന്നുനില്ക്കുകയും അയൽരാജ്യങ്ങളെ അവരിലേക്ക് ആകർഷിക്കുവാൻ കഅ്ബ ഒരു കാരണമായി നിലകൊള്ളുകയും ചെയ്തതോടെ അവരെ പിന്തള്ളാൻ ആർക്കും സാധിക്കാതെയായി.

ഈ വളർച്ച യമൻകാരനായ അബ്റഹത്തിനെ അസഹിഷ്ണുവാക്കി. അബ്സീനിയക്കാരനായ സേനാനായകനായിരുന്നു ഇയാൾ. യമൻ ജയിച്ചടക്കിയതോടെ അയാൾ അവിടത്തെ അധികാരിയാവുകയായിരുന്നു. അറേബ്യയുടെ വാണിജ്യരംഗം ഏത് വിധേനയും പിടിച്ചടക്കണമെന്ന് അയാൾ നിശ്ചയിച്ചു. അതിന് കണ്ട പരിഹാരം കഅ്ബ പൊളിക്കുകയോ അതുപോലെ ഒന്ന് തൻെറ അധികാരപരിധിയിൽ നിർമിച്ച് കഅ്ബയിൽനിന്ന് ആളുകളെ അതിലേക്ക് ആകർഷിക്കുകയോ ചെയ്യുക എന്നതായിരുന്നു. രണ്ടാമത്തെ മാർഗമാണ് അയാൾ സ്വീകരിച്ചത്. അതിമനോഹരമായ ഒരു ഖലീസ അയാൾ പണികഴിപ്പിക്കുകയും ജനങ്ങളെ അതിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇക്കാര്യം അയാൾ അബ്സീനിയൻ രാജാവിനെ എഴുതി അറിയിക്കുക തന്നെ ചെയ്തു.

അയാളുടെ ഈ ശ്രമം പരാജയത്തിലാണ് കലാശിച്ചത്. ആരും അതിലേക്ക് ചെന്നില്ല. അതിനിടയിലാണ് മക്കക്കാരായ ചിലർ ആ കെട്ടിടത്തെ അവഹേളിക്കും വിധം ചിലത് പ്രവർത്തിച്ചത്. അതോടെ കുപിതനായ അബ്റഹത്ത് തൻെറ രണ്ടാമത്തെ ലക്ഷ്യത്തിലേക്ക് തിരിഞ്ഞു. കഅ്ബയെ പൊളിച്ചുകളയലായിരുന്നു അത്. പക്ഷേ, ഈ ശ്രമത്തിൽ അല്ലാഹു അയാളെ നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു. ഖുറൈശികൾക്ക് അക്കാര്യം നല്ലതുപോലെ ബോധ്യമുണ്ടായിരുന്നു. "കഅ്ബയെ അതിൻെറ നാഥൻ സംരക്ഷിക്കും" എന്നായിരുന്നല്ലോ അബ്റഹത്തിൻെറ ആക്രമണത്തിനു മുന്നോടിയായി അവർ അയാളോട് പറഞ്ഞിരുന്നത്.

അബ്റഹത്തിനെ അല്ലാഹു അയാളുടെ സേനയോടൊപ്പം നശിപ്പിച്ചതോടെ മക്കക്കാരുടെ പ്രത്യേകിച്ച് ഖുറൈശികളുടെ യശസ്സ് പിന്നെയും വർധിച്ചു. അറേബ്യയിൽ എവിടെയും സുരക്ഷിതരായി തങ്ങളുടെ ചരക്കുകളുമായി കടന്നുചെല്ലാനുള്ള ധൈര്യം അവർക്ക് കിട്ടി. അവരെ ആക്രമിക്കാൻ ആരും ധൈര്യപ്പെട്ടില്ല.

ഇത് വാസ്തവത്തിൽ അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത നിസ്സീമമായ അനുഗ്രഹ മായിരുന്നു. ആരും ചെറുത്തുനില്ക്കാനില്ലാതെ, എല്ലാവരും മലമുകളിൽ അഭയം തേടിയ ഘട്ടത്തിൽ അബ്റഹത്തിൻെറ സേനയെ അല്ലാഹു തുരത്തുകയും അതുവഴി ഖുറൈശികളു ടെ യശസ്സും പ്രതാപവും വളർത്തുകയും ചെയ്തത് വളരെ അത്ഭുതകരമായ നടപടിയായി രുന്നു.

ഈ അനുഗ്രഹങ്ങളെ എടുത്തോതിക്കൊണ്ട് അവരോട് പറയുന്ന സംഗതി ഇതാണ്: നിങ്ങളെ അനുഗ്രഹിച്ചാദരിച്ച ദൈവമാണ് നിങ്ങളിലേക്ക് ഈ പ്രവാചകനെ-മുഹമ്മദ്(സ)- അയച്ചത്. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുകയും ഈ കഅ്ബാമന്ദിരത്തിൻെറ നാഥനെ മാത്രം നിങ്ങൾ ആരാധിക്കുകയും ചെയ്യുക." ഇതത്രെ ഈ അധ്യായത്തിൻെറ ഉള്ളടക്കം.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | |
|---|---|
| ലിഈലാഫി | لِإِيلَافِ |
| ഇണക്കിയതിനാൽ | |
| ഖുറൈശിൻ | قُرَيْشٍ |
| ഖുറൈശികളെ | |
| ഈലാഫിഹിം | إِيلَافِهِمْ |
| അവരെ കൂട്ടിയിണക്കിയതിനാൽ | |
| രിഹ്‌ലത | رِحْلَةَ |
| യാത്രക്ക് | |
| അശ്ശിതാഇ | الشِّتَاءِ |
| ശൈത്യകാലത്തെയും | |
| വസ്സ്വൈഫി | وَالصَّيْفِ |
| ഉഷ്ണകാലത്തെയും | |
| ഫൽ യഅ്ബുദൂ | فَلْيَعْبُدُوا |
| അതിനാൽ അവർ ആരാധിച്ചുകൊള്ളട്ടെ | |
| റബ്ബ | رَبَّ |
| നാഥനെ | |
| ഹാദൽ ബൈതി | هَٰذَا الْبَيْتِ |
| ഈ വീടിൻെറ (കഅ്ബ) | |
| അല്ലദീ | الَّذِي |
| എങ്ങനെയുള്ള | |
| അത്വ്അമഹും | أَطْعَمَهُم |
| അവർക്ക് ആഹാരം നല്കി | |

| | | |
|---|---|---|
| മിൻ ജൂഇൻ | | مِّن جُوعٍ |
| | വിശപ്പിന് | |
| വആമനഹും | | وَآمَنَهُم |
| | അവർക്ക് നിർഭയത്വം നല്കുകയും ചെയ്ത | |
| മിൻ ഖൗഫിൻ | | مِّنْ خَوْفٍ |
| | ഭയത്തിനു പകരമായി. | |

**വിശദീകരണം:**

لِإِيلَافِ قُرَيْشٍ ലി ഈലാഫി ഖുറൈശിൻ

ഖുറൈശികളെ ഇണക്കിയതിനാൽ.

ഏഴ് കാര്യങ്ങൾ കൊണ്ട് അല്ലാഹു ഖുറൈശികളെ ശ്രേഷ്ഠത നല്കിയിട്ടുണ്ട്. അവരിലാണ് പ്രവാചകൻ ജനിച്ചത്. പ്രവാചകത്വം അവരിലാണ് അവതരിച്ചത്. ഹജ്ജ് തീർഥാടനത്തിൻെറ കൈകാര്യക്കാരും ഹാജിമാർക്ക് ജലം നല്കാനുള്ള സൗഭാഗ്യവും അവർക്കായിരുന്നു. ആനപ്പടക്കെതിരെ അല്ലാഹു അവരെ സഹായിച്ചു. മക്കയെ ഒരു നിർഭയമായ ഒരു നാടാക്കി അവരെ ആദരിച്ചു. ആനപ്പടയിൽനിന്നും അവരെ സംരക്ഷിച്ചു. അല്ലാഹു ഖുർആനിൽ ഒരു അധ്യായം അവരെപ്പറ്റി അവതരിപ്പിച്ചു. അതത്രെ ഈ അധ്യായം. അതിനാൽ ഈ അധ്യായത്തിന് 105-ാം അധ്യായവുമായി കൂടുതൽ ബന്ധമുള്ളതായി കാണാം.

വചനാരംഭത്തിൽ ഉപയോഗിച്ച ലി എന്ന അക്ഷരം അതിശയോക്തി സൂചകപദമാണെന്നും അതല്ല കാരണത്തെ ദ്യോതിപ്പിക്കുന്ന അക്ഷരമാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സന്ദർഭവുമായി ഒത്തുവരുന്നത് രണ്ടാമത്തേതായതിനാൽ അതാണ് ഇവിടെ സ്വീകരിക്കുന്നത്.

പ്രവാചകൻ മുഹമ്മദ്(സ) മുഖേന ഖുർആൻ ഇതുവരെ മക്കയിലെ ആളുകളോട് ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാര്യങ്ങളെ ഒന്നും കൂടി ശക്തമായി തുറന്നുപറയുകയാണ് ഈ സൂക്തം; വിശിഷ്യാ, ഖുറൈശികളെ അഭിസംബോധനം ചെയ്തുകൊണ്ട്. അതായത്, അവർ ഏകനായ അല്ലാഹുവിൻെറ ഏകത്വം അംഗീകരിക്കണം. അവർ അവനു മാത്രം ആരാധനയർപ്പിക്കണം. അതിന് കാരണം പറയാനാണ് ലി എന്ന പദം ചേർത്തത്. അപ്പോൾ ആശയം ഇപ്രകാരമാകും: വിവിധ കാലാവസ്ഥകളിലൂടെയുള്ള കച്ചവടയാത്രക്ക് ഖുറൈശികളെ നാം ഇണക്കിയതിനാലും.....

ഇൽഫ് എന്ന വാക്കിൽനിന്നാണ് ഈലാഫ് ഉല്ഭവിച്ചത്. ഇണക്കം, കൂട്ടിച്ചേർക്കൽ, അംഗീകരിക്കൽ എന്നൊക്കെയാണ് അതിൻെറ ഭാഷാർഥം. ഇണക്കം എന്ന അർഥത്തിലാണ് ഇവിടെ ഈ പദം ഉപയോഗിച്ചത്.

ഇവിടെ സൂക്ഷ്മമായ മറ്റൊരു സംഗതി കൂടിയുണ്ട്. അറേബ്യയെ സംബന്ധിച്ചിടത്തോളം കൊലക്ക് കൊല എന്നതായിരുന്നു അവരുടെ പ്രതികരണരീതി. എത്ര പഴകിയ സംഭവമായാലും ശരി വാളുകൾ കൊണ്ട് കണക്ക് തീർക്കാത്ത ഒരു കേസും അവിടെ ഉണ്ടായിരുന്നില്ല. ആ പോര് വർഷങ്ങളോളം നീണ്ടുനില്ക്കുകയും ചെയ്യും. തീർത്തും ആശങ്കാജനകമായ അവസ്ഥയായിരുന്നു അത്. ഈ വൈരങ്ങളിൽനിന്ന് അവരെ മുക്തരാക്കുകയും അത്തരം അസ്വാരസ്യങ്ങളിൽനിന്ന് സുരക്ഷിതമായ ഒരു ഗേഹമായി മക്കയെ അല്ലാഹു അവർക്ക് സംവിധാനിച്ചുകൊടുക്കുകയും ചെയ്തു. അവിടെ വെച്ച് ആരും ആരെയും ആക്രമിക്കാൻ പാടില്ല. അതിനാലാണ് പവിത്രമായ സ്ഥലം എന്ന അർഥത്തിൽ ഹറം എന്ന് അറബിയിൽ അതിനെ വിളിക്കുന്നത്. ഇക്കാര്യം ഖുർആൻ 29-ാം അധ്യായം വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം അവൻ ചെയ്തു കൊടുത്ത മറ്റൊരു അനുഗ്രഹമാണ് തുടർന്നു ി രുന്ന വചനത്തിൽ പ്രതിപാദിക്കുന്നത്.

إِيلَافِهِمْ ഈലാഫിഹിം

അവരെ ഇണക്കിയതിനാൽ

ഇക്കാര്യം തന്നെ ആവര്‍ത്തിച്ചു പറഞ്ഞിരിക്കുന്നു. ഈ ഇണക്കം കൊണ്ടുദ്ദേശിക്കുന്നത് അവരുടെ വ്യാപാരയാത്രകളെയാണ്. ശൈത്യകാലത്ത് ദക്ഷിണ അറേബ്യന്‍ നാടുകളിലേക്കും ഉഷ്ണകാലത്ത് ശാമിലേക്കുമായിരുന്നല്ലോ അവരുടെ യാത്ര. രണ്ട് കാലാവസ്ഥകളെയും തരണം ചെയ്യാനുള്ള ശാരീരികക്ഷമത അല്ലാഹു അവര്‍ക്ക് ധാരാളം നല്കുകയുണ്ടായി. അതത്രെ ഈ വചനത്തിന്‍റെ അവസാനഭാഗം സൂചിപ്പിക്കുന്നത്.

رِحْلَةَ الشِّتَاءِ وَالصَّيْفِ രിഹ്‌ലതശ്ശിതാഇ വസ്സ്വൈഫ്

ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രകള്‍ക്ക്

ഇത് കേവലം യാത്രകളല്ല. അക്കാലത്ത് സുരക്ഷിതമായി ലക്ഷ്യത്തിലെത്തുക പ്രയാസമായിരുന്നു. കാരണം, കൊള്ളയും ഗോത്രവൈരവും നിറഞ്ഞ ചുറ്റുപാട് അത്തരം ല,
യാത്രകള്‍ക്ക് വലിയ പ്രതിബന്ധങ്ങളായിരുന്നു. എന്നാല്‍ ഖുറൈശികളെ സംബന്ധിച്ചിടത്തോളം അവസ്ഥ നേരെ മറിച്ചായിരുന്നു. അവര്‍ക്ക് പ്രതികൂല കാലാവസ്ഥകളെ തരണം ചെയ്യാനുള്ള കഴിവും അവരുടെ വഴികളിലെല്ലാം നിര്‍ഭയത്വവും ലഭിച്ചതോടൊപ്പം അവര്‍ ചെന്ന നാടുകളിലെല്ലാം അവരെ ആദരിക്കുകയും ചെയ്തു. അന്നാട്ടുകാര്‍ അവരെ സഹായിച്ചു. ഖുറൈശികള്‍ അവരെ സംബന്ധിച്ചിടത്തോളം കഅ്ബാപരിചാരകരും ഹജ്ജാജികളെ സഹായിക്കുന്നവരുമായിരുന്നു. അതോടൊപ്പം അബ്‌റഹത്തിന്‍റെ ആനപ്പടയെ അല്ലാഹു നശിപ്പിച്ച ചരിത്രസംഭവം കൂടിയായപ്പോള്‍ ഈ ആദരവ് ഏറെ വര്‍ധിക്കുകയാണ് ചെയ്തത്. അതിനാല്‍ അവരെ ഉപദ്രവിക്കാന്‍ പാടില്ല എന്നത് മൊത്തത്തിലുള്ള സമീപന രീതിയായി മാറി.

فَلْيَعْبُدُوا ഫല്‍യഅ്ബുദൂ

അതിനാല്‍ അവര്‍ ആരാധിക്കട്ടെ

രണ്ട് സംഗതികള്‍ ഇവിടെയുണ്ട്. ഒന്ന്, അവര്‍ തങ്ങളുടെ ദൈവേതര ആരാധ്യന്മാര്‍ക്ക് ചെയ്യുന്ന അടിമത്തവും ആരാധനകളും അവയോടുള്ള പ്രാര്‍ഥനകളും അവയ്ക്കുള്ള ബലികര്‍മങ്ങളുമൊക്കെ അവസാനിപ്പിക്കുകയും ആ തരത്തിലുള്ള ബഹുത്വത്തില്‍നിന്ന് ശുദ്ധരാവുകയും ചെയ്യട്ടെ എന്നതാണ് ഈ വചനത്തിന്‍റെ ഒന്നാമത്തെ തേട്ടം. രണ്ട്, സ്രഷ്ടാവായ അല്ലാഹു അല്ലാത്ത എല്ലാ ദൈവങ്ങളെയും മനസ്സില്‍ നിന്നും ഭാവനയില്‍ നിന്നും നീക്കിക്കളഞ്ഞതിനു ശേഷം തന്‍റെ എല്ലാ പ്രാര്‍ഥനകളും ആരാധനകളും ബലിയും തുടങ്ങി എല്ലാ കര്‍മങ്ങളും ഏകദൈവത്തിന് മാത്രമാക്കിത്തീര്‍ക്കട്ടെ. ഈ സംഗതികളാണ് മക്കാ ഖുറൈശികളോട് തുറന്നുപറയുന്നത്.

ഈ മാറ്റത്തിന് ഖുറൈശികള്‍ വഴങ്ങിയാല്‍ പിന്നെ മക്ക പൂര്‍ണമായും പെട്ടെന്ന് അതിന് വഴങ്ങുമെന്ന കാര്യത്തില്‍ സംശയമില്ല. അതിനാലാണ് ഖുറൈശികളെ തന്നെ ഇവിടെ പ്രത്യേകം അഭിസംബോധനം ചെയ്യുന്നത്.

ഇക്കാര്യം സൂചിപ്പിക്കാന്‍ ഖുറൈശികള്‍ക്ക് പെട്ടെന്ന് മനസ്സിലാകുന്ന സംഗതിയാണ് അവരുടെ മുമ്പിലേക്ക് എടുത്തിട്ടത്. അത് ഖുര്‍ആന്‍റെ ശൈലിയാണ്. അഭി സംബോധിതന് എളുപ്പം മനസ്സിലാകുന്ന ഉദാഹരണങ്ങളും പരാമര്‍ശങ്ങളും ഉപയോഗിച്ചാണ് അത് കാര്യങ്ങള്‍ സ്ഥാപിക്കുന്നത്. ഇവിടെ സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്ന ആത്യന്തിക ലക്ഷ്യം അവരില്‍ സ്ഥാപിക്കുന്നതിനായി അവര്‍ക്ക് അവന്‍ ചെയ്തു കൊടുത്ത അനുഗ്രഹങ്ങളെ മുന്‍നിറുത്തിയാണ് അക്കാര്യത്തിന് ആവശ്യപ്പെടുന്നത്. അതാണ് അടുത്ത ഭാഗം പരാമര്‍ശിക്കുന്നത്.

رَبَّ هَٰذَا الْبَيْتِ റബ്ബ ഹാദല്‍ ബൈതി

ഈ വീടിന്‍റെ നാഥനെ

കഅ്ബ ഏകദൈവത്തെ മാത്രം ആരാധിക്കുന്നതിന് ദൈവകല്പന പ്രകാരം പ്രവാചകന്‍ ഇബ്‌റാഹീം(അ) നിര്‍മിച്ചതാണ്. അവിടെ ഏകദൈവമല്ലാതെ മറ്റൊന്നും ആരാധിക്കപ്പെടാന്‍ പാടില്ല. അതിന്‍റെ നാഥനും സംരക്ഷകനും അല്ലാഹുവാണ്. ഈ വിശ്വാസം അക്കാലത്തെ ആളുകള്‍ക്കും ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലോ അതിനെ നശിപ്പിക്കാന്‍ വന്ന അബ്‌റഹത്തിനോട് കഅ്ബയെ അതിന്‍റെ നാഥന്‍ സംരക്ഷിക്കുമെന്ന് അബ്ദുല്‍ മുത്തലിബ് പറഞ്ഞത്. അത് അങ്ങനെ തന്നെയാണ് സംഭവിച്ചതും.

ഈ സംഭവത്തോടെയാണ് ഖുറൈശികളെ അറബികള്‍ കൂടുതല്‍ ആദരിക്കുവാനും ബഹുമാനിക്കുവാനും അവരുടെ കച്ചവടയാത്രകള്‍ക്ക് സംരക്ഷണം നല്കുവാനും ഇടയാ

യത്. അവർ കഅ്ബയുടെ ആളുകളാണ് എന്ന വിശ്വാസം ജനമനസ്സുകളിൽ വേരോടിക്ക ഴിഞ്ഞിരുന്നു. കഅ്ബയുടെ ആളുകൾ ആയതിനാലാണ് അവർക്ക് മറ്റുവിധത്തിലുള്ള സൗകര്യ ങ്ങളും ലഭിച്ചത്. അതെന്തെന്ന് തുടർന്നുള്ള വചനങ്ങളിൽ വരുന്നുണ്ട്.

ഖുറൈശികൾ കഅ്ബയുടെ ആളുകൾ എന്ന നിലക്ക് അറേബ്യയിൽ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തത് യഥാർഥത്തിൽ അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത വലിയ അനുഗ്രഹമായിരുന്നു. അവരോട് ഖുർആൻ പറയുന്നു: നിങ്ങൾ കഅ്ബയുടെ ആളുകളാണെങ്കിലും നിങ്ങൾക്ക് അതിനുമേൽ അധികാരമൊന്നുമില്ല. അത് അല്ലാഹുവിൻെറ ഭവനമാകുന്നു. ആ ഭവനത്തിൻെറ അരികും തണലും പറ്റിയാണ് നിങ്ങൾ മൊത്തം ജന തക്കു മുമ്പിൽ തലയുയർത്തി നില്ക്കുന്നത്. അതുകൂടാതെ നിങ്ങൾക്ക് അറേബ്യയിൽ വേറി ട്ട അസ്തിത്വമേതുമില്ല. ഈ മന്ദിരമാണ് പരസ്പര വൈരത്തിൽനിന്ന് നിങ്ങളെ സംരക്ഷിച്ച് ഐക്യപ്പെടുത്തുകയും പ്രബലരാക്കുകയും ചെയ്തത്. ഈ പരമാർഥം നിങ്ങൾക്കു തന്നെ നന്നായി അറിയാവുന്നതാണ്. അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന വലിയ ഔദാര്യമാകുന്നു അത്.

ഈ അനുഗ്രഹത്തിന് പകരമായി നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രമാണ്: അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യന്മാരെയും കൈവെടിഞ്ഞ് അവനെ മാത്രം ആരാധിക്കുക. അവ നല്ലാത്ത എല്ലാ ദൈവങ്ങളിൽനിന്നും കഅ്ബയും മനസ്സും കർമങ്ങളും ശുദ്ധിയാക്കട്ടെ.

---

### الَّذِي أَطْعَمَهُم مِّن جُوعٍ അല്ലദീ അത്വ്അമഹും മിൻ ജൂഇൻ

### വിശപ്പിന് അവർക്ക് ആഹാരം നല്കിയ

---

പ്രവാചകൻ മുഹമ്മദ്(സ) തൻെറ പ്രബോധനഘട്ടത്തിൽ മക്കയിലെ ഖുറൈശികളെ അഭിസംബോധനം ചെയ്ത് പറഞ്ഞതിപ്രകാരമായിരുന്നു:

"ഖുറൈശികളേ, നിങ്ങൾക്ക് വിഷപ്പകറ്റാൻ ഭക്ഷണം നല്കുകയും ഭയത്തിന് പകരം നിർഭയത്വം നല്കുകയും ചെയ്ത ഈ കഅ്ബയുടെ നാഥന് നിങ്ങൾ ആരാധനക ളർപ്പിക്കുവിൻ."

ഖുറൈശികളെ സംബന്ധിച്ചിടത്തോളം അവർ മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞു ജീവി ച്ചിരുന്ന കാലത്ത് വറുതിയും പട്ടിണിയും അവരിൽ കഴിഞ്ഞുപോയിട്ടുണ്ട്. അവർ മക്കയിൽ സ്ഥിരവാസമാക്കിയതിനു ശേഷം പ്രവാചകൻ ഇബ്റാഹീംനബിയുടെ പ്രാർഥനയുടെ ഫലം അവർ അനുഭവിക്കുക തന്നെ ചെയ്തു. അദ്ദേഹം പ്രാർഥിച്ചതിപ്രകാരമായിരുന്നു: നാഥാ, എൻെറ സന്തതികളിൽ ഒരു വിഭാഗത്തെ നിൻെറ ആദരണീയ ഭവനത്തിനരികിൽ കൃഷിയി ല്ലാത്ത ഒരു താഴ്വരയിൽ കൊണ്ടുവന്നു പാർപ്പിച്ചിരിക്കുന്നു, അവർ നമസ്കാരം നിലനിർ ത്താൻ. നീ ജനഹൃദയങ്ങളെ അവരിലേക്ക് ആകർഷിക്കേണമേ. അവർക്ക് തിന്നാൻ ഫല ങ്ങൾ നലകേണമേ."

ശൈത്യകാലത്തും ഉഷ്ണകാലത്തും അതത് മേഖലകളിലേക്കുള്ള കച്ചവടയാത്രകൾ അവരെ സംബന്ധിച്ചിടത്തോളം പ്രയാസകരമായതായിരുന്നു, ഒരു ഘട്ടത്തിൽ. അന്ന് അബ് സീനിയയിൽനിന്ന് കപ്പൽ മാർഗേണ അവർക്ക് ഭക്ഷണം എത്തിച്ചുകൊടുത്ത നാളുകളുണ്ടാ യിരുന്നു. സ്വന്തം ഒട്ടകങ്ങളെ വിറ്റ് ആഹാരത്തിന് വക കണ്ടെത്തിയ കാലവും അവരിൽ കഴിഞ്ഞിട്ടുണ്ട്. ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും കച്ചവടയാത്രയുമായി അല്ലാഹു അവരെ മാനസികമായും ശാരീരികമായും കൂട്ടിയിണക്കിയതോടെ അവരുടെ നില അതിൽ നിന്നെല്ലാം ഭദ്രമായി.

---

### وَآمَنَهُم مِّنْ خَوْفٍ വആമനഹും മിൻ ഖൗഫിൻ

### ഭയത്തിന് പകരമായി അവർക്ക് നിർഭയത്വം നല്കുകയും ചെയ്ത (നാഥനെ)

---

നിർഭയത്വം നല്കി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവരുടെ കച്ചവടമാർഗങ്ങളിൽ ഉണ്ടായിരുന്ന കൊള്ളസംഘങ്ങളുടെ ഉപദ്രവങ്ങളിൽനിന്ന് അവർക്ക് സംരക്ഷണം നല്കു കയും അതുവഴി അവർക്ക് നിർഭയമായി അതുവഴി കടന്നുപോകാവുന്ന ഒരവസ്ഥ അവർ ക്ക് തുറന്നുകൊടുക്കുകയും ചെയ്തു എന്നാണ്. അതോടൊപ്പം പരസ്പര വൈര ത്തിൻെറ പേരിൽ കൊല നടത്തിയിരുന്ന സാമൂഹികാവസ്ഥയിൽ നിന്ന് അവരെ രക്ഷപ്പെടുത്തുകയും കഅ്ബയുടെ ആളുകൾ എന്ന നിലക്ക് ഉന്നത പദവി നല്കി ആദരിക്കുകയും ചെയ്തതും ഉദ്ദേശ്യമാകാം. ഖുർആൻ 105-ാം അധ്യായത്തിൽ പ്രതിപാദിച്ച ആനക്കലഹക്കാരിൽനിന്ന് അവർക്ക് നല്കിയ വിമോചനവും ഇവിടെ ഉദ്ദേശ്യമാകാം.

ഈവക അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ട് അല്ലാഹു ചോദിച്ചു: "നിർഭയമായ ഒരു പവിത്രസങ്കേതം നാം അവർക്ക് അധീനപ്പെടുത്തിക്കൊടുത്തിട്ടില്ലേ? എല്ലാ വസ്തുക്കളുടെയും

ഫലങ്ങൾ അവിടെക്ക് ശേഖരിച്ചുകൊണ്ടുവരപ്പെടുന്നു. നമ്മുടെ പക്കൽനിന്നുള്ള ഉപജീവന മത്രെ അത്. പക്ഷേ, അവരിൽ അധികപേരും കാര്യം മനസ്സിലാക്കുന്നില്ല."

അനുബന്ധം

പ്രവാചകൻ മുഹമ്മദ്(സ) മക്കയിൽ നിയോഗിക്കപ്പെട്ട കാലത്ത് ഖുറൈശികളുടെ അവസ്ഥ ഈ അധ്യായത്തിൽനിന്ന് വ്യക്തമാകുന്നതുപോലെ ഐശ്വര്യത്തിൻെറയും നിർഭയത്വത്തിൻെറതുമായിരുന്നു. മക്കയുടെ അധികാരസ്ഥരായി വാഴുകയായിരുന്നു അവർ. കഅ്ബയെന്ന ദൈവികഗേഹത്തിൻെറ തണലിൽ അവർ അതിൻെറ അവകാശികളെന്ന പേരിൽ എല്ലാ ആനുകൂല്യങ്ങളും ആസ്വദിച്ചുജീവിച്ചുപോന്നു. പ്രധാനമായും രണ്ട് അനു ഗ്രഹങ്ങളാണ് അല്ലാഹു അവർക്ക് ചെയ്തുകൊടുത്തത്. അതിൽ പ്രധാനമാണ് അവരുടെ കച്ചവടയാത്രകൾ.

രണ്ട് വിധം യാത്രകളാണ് അവർക്കുണ്ടായിരുന്നത്. ഒന്ന് ശൈത്യകാലത്തെ യാത്ര. രണ്ടാമത്തേത് ഉഷ്ണകാലയാത്ര. ഈ രണ്ട് യാത്രകളെയും ഏറെ പ്രാധാന്യത്തോടെയാണ് അവർ കണ്ടിരുന്നത്. മക്കയിലെ ചെറുതും വലുതുമായ എല്ലാ വ്യാപാരികളും അതിൽ പങ്കെടുത്തിരുന്നു. അവരെല്ലാം തങ്ങളുടെ പണം വ്യാപാരത്തിൽ ഇറക്കിയിരുന്നു. കൂടാതെ മക്കയിലെ പണക്കാരിൽനിന്ന് പണം കടം വാങ്ങുകയും മറ്റു പലരിൽനിന്നും ഷെയർ വാങ്ങുകയും ചെയ്തിരുന്നു. ഇതായിരുന്നു അവരുടെ വ്യാപാര രീതി.

മക്കയെ ഒരിക്കലും അവർ അവരുടെ പ്രധാന വാണിജ്യമേഖലയായോ വ്യാപാരകേന്ദ്രമായോ ആയി ഗണിച്ചിരുന്നില്ല. പകരം യമനിൽനിന്ന് വാങ്ങുന്ന സാധനങ്ങൾ സിറിയയിലേക്ക് കൊണ്ടുപോകുകയും അവിടെനിന്നുള്ള സാധനങ്ങൾ യമനിൽ കൊണ്ടുപോയി വിൽക്കുകയുമായിരുന്നു അവരുടെ രീതി. ഈ രണ്ട് നഗരങ്ങൾ മാത്രമായിരുന്നില്ല അവരുടെ മേഖല. ആഫ്രിക്കൻ നഗരങ്ങളിലും അവരുടെ വ്യാപാരം ചെന്നെത്തിയിരുന്നു. അതോടൊപ്പം മക്കയിലും പരിസരങ്ങളിലുമുള്ള ചന്തകളിലും അവരുടെ വ്യാപാരസാന്നിധ്യം വിപുലമായിരുന്നു.

ഖുറൈശീ കുലപതി ഖുസയ്യിൻെറ പുത്രൻ അബ്ദുമനാഫാണ് (ക്രി.വർഷം 500) അന്താരാഷ്ട്രീയ സ്വഭാവത്തിലുള്ള ഈ വ്യാപാരത്തിന് അടിത്തറ പാകിയത്. ഖുറൈശികളുടെ വ്യാപാരവൈദഗ്ധ്യത്തിവും വാണിജ്യമേന്മയിലും തല്പരരായ അയൽദേശവ്യാപാരികൾ മക്കയിലേക്ക് ആകൃഷ്ടരായി. ഇത് മക്കയെ മറ്റൊരു കച്ചവടകേന്ദ്രമാക്കാനും ചെറുകിട വ്യാപാരികൾക്ക് കൂടുതൽ ലാഭമുണ്ടാക്കിക്കൊടുക്കാനും കാരണമായി. അതാകട്ടെ ദൈനംദിന ചെലവുകൾക്ക് പ്രയാസപ്പെട്ടിരുന്ന അവരുടെ അവസ്ഥയെ നന്നാക്കിയെടുത്തു.

അബ്ദുമനാഫിൻെറ കാലശേഷം പുത്രൻ ഹാശിമാണ് ഈ വ്യാപാരയാത്രയെ വിപുലമാക്കിയത്. അപ്പോഴേക്കും കഅ്ബയുടെ ആളുകൾ എന്ന നിലക്ക് അവരുടെ ഖ്യാതി അറേബ്യയിലെങ്ങും വ്യാപിക്കുകയും കൊള്ളസംഘങ്ങളടക്കം ഇതരഗോത്രങ്ങൾ അവരോട് മമതയിൽ വർത്തിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായിരുന്നു. അതിനാൽ ഹാശിം തൻെറ മൂന്ന് സഹോദരങ്ങളെയും തന്നോടൊപ്പം വ്യാപാരയാത്രകളിൽ പങ്കെടുപ്പിക്കുകയും വ്യാപാരം വിപുലമാക്കുകയും ചെയ്തു.

അവർ ആദ്യമായി ചെയ്തത് സിറിയൻ രാജാവ് ഗസ്സാൻ, അബ്സീനിയൻ രാജാവ് നേഗസ്, യമനീനാടുവാഴികൾ, ഇറാഖീ ഭരണകർത്താവ്, പേർഷ്യൻരാജാവ് എന്നിവരിൽ നിന്ന് വ്യാപാരസംരക്ഷണം നേടി. കൂടാതെ അവർ കടന്നുപോകുന്ന വഴികളിലെ ഗോത്രമുഖ്യന്മാരുമായി അടുത്ത ബന്ധവും സ്ഥാപിച്ചെടുത്തു. ഓരോ ദേശത്തിൻെറയും ഭൂപ്രകൃതിയും കാലാവസ്ഥയും അപകടമേഖലകളുമെല്ലാം അവർക്ക് നല്ലതുപോലെ വശമായിരുന്നു. അതോടെ അന്താരാഷ്ട്ര സ്വഭാവത്തിലുള്ള വ്യാപാരത്തിന് അവരുടെ മുമ്പിൽ പ്രതിബന്ധങ്ങൾ ഇല്ലാതായി. ഓരോ സ്ഥലത്തും വിശ്വസ്തരും ധീരരുമായ വഴികാട്ടികളും അവർക്ക് സേവനം ചെയ്തിരുന്നു. (ഇത്തരം വഴികാട്ടികളുടെ സഹായത്തോടെയാണ് അബൂസുഫ്യാൻെറ നേതൃത്വത്തിലുള്ള കച്ചവടസംഘം മുസ്ലിംകളുടെ കൈകളിൽനിന്ന് രക്ഷപ്പെട്ടുപോയത്).

വ്യാപാരത്തോടൊപ്പം മറ്റുഗോത്രങ്ങളുടെ ആഭ്യന്തരപ്രശ്നങ്ങളിൽ ഇടപെടുവാനും തീർപ്പ് കല്പിക്കുവാനും അവർക്ക് സാധിച്ചു. അതുകാരണം "രഞ്ജിപ്പുകാർ" എന്ന അപരനാമത്തിൽ അവർ അറിയപ്പെടാനിടയായി. അതും അവരുടെ സ്വീകാര്യതക്ക് മാറ്റ് കൂട്ടുകയാണുണ്ടായത്.

രാജ്യാതിർത്തി കടന്നുള്ള അവരുടെ കച്ചവടയാത്രയുടെ ഫലമായി അവർക്ക് ഇതര രാജ്യങ്ങളുടെ സാംസ്കാരിക-നാഗരികമേഖലയുമായി ബന്ധപ്പെടുവാനും ഇതര വിജ്ഞാനീയങ്ങൾ ആർജിക്കുവാനും സാധിച്ചു. അക്കാര്യത്തിൽ അവരെ വെല്ലുന്ന ഒരു ഗോത്രവും അറേബ്യയിൽ ഉണ്ടായിരുന്നില്ല. അതിൻെറ ഫലങ്ങളിൽ പെട്ടതാണ് മക്കയെ ഉയർന്ന വാണി

ജ്യകേന്ദ്രമാക്കി മാറ്റിയതും ഇറാഖിൽനിന്ന് ലിപി കൊണ്ടുവന്ന് തദ്ദേശിയരെ അത് അഭ്യസിക്കാൻ പ്രോത്സാഹിപ്പിച്ചതും.

(ഗസ്സാനിലേക്കുള്ള കച്ചവടയാത്രയിലാണ് ക്രി.വർഷം 510ൽ ഹാശിം നിര്യാതനായത്. സഹോദരൻ മുത്ത്വലിബ് ക്രി.വർഷം 520-ൽ യമനിൽ വെച്ചും മരണമടഞ്ഞു. ഈ വ്യാപാര യാത്ര ഹാശിമിൽനിന്ന് തുടങ്ങി അബൂസുഫ്യാൻെറ കൈകളിൽ എത്തുന്നതിനിടയിൽ ആന ക്കലഹം പോലുള്ള അനേകം ചരിത്രദശകൾ പിന്നിട്ട് വളർന്നു വികസിച്ചിരുന്നു.)

മിക്കപ്പോഴും അവരുടെ കച്ചവടയാത്രകൾ ഒരുതരം ആഘോഷത്തിൻെറയും മതപരമായ ഭക്തിയുടെയും സ്വഭാവം നിലനിർത്തിയിരുന്നു. അതിനാൽതന്നെ കഅ്ബയെ പ്രദക്ഷിണം ചെയ്ത ശേഷമേ അവർ തങ്ങളുടെ യാത്ര തുടങ്ങിയിരുന്നതും അവസാനിപ്പിച്ചിരുന്നതും. കഅ്ബ ദൈവികഗേഹമാണെന്ന വിശ്വാസം അന്നുമുതൽ തന്നെ അവർക്കുണ്ടായിരുന്നു.

മക്കയിലെ ഒരുവിധം ഗോത്രങ്ങളൊക്കെ തങ്ങളുടെ പ്രതിനിധികളെയും ഈ സംഘ ത്തോടൊപ്പം അയച്ചിരുന്നു. ആയിരത്തോളം ഒട്ടകങ്ങളാണ് ഓരോ യാത്രയിലും ഉണ്ടാവുക. തിരിച്ചുവരുമ്പോഴാകട്ടെ രാജകീയസ്വീകരണമാണ് അവർക്ക് നല്കിയിരുന്നത്. കഅ്ബയുടെ പരിസരത്തുവെച്ചുതന്നെയാണ് അവർ മുതൽമുടക്കിയവർക്ക് ലാഭവിഹിതം നല്കിയിരുന്നതും.

ഇന്ത്യ, ചൈന, യമൻ, സിറിയ, ഫലസ്തീൻ, ഇറാഖ്, പേർഷ്യ, യൂറോപ്പ്, ഈജിപ്ത് തുടങ്ങിയ ദേശങ്ങളിലെ ഉല്പന്നങ്ങളായിരുന്നു പ്രധാനമായും അവരുടെ പക്കലുണ്ടായിരുന്നത്. വിവിധ തരം തുകൽ ഉല്പന്നങ്ങൾ, സുഗന്ധദ്രവ്യം, രോമം, കമ്പിളി, കയറുകൾ, ഈത്തപ്പഴം, വീഞ്ഞ്, ധാന്യങ്ങൾ, ഗോതമ്പുപൊടി, പുതപ്പുകൾ, പരുത്തിത്തുണികൾ, പട്ടു വസ്ത്രങ്ങൾ, സ്വർണ-വെള്ളി പാത്രങ്ങൾ, ആയുധങ്ങൾ, അടിമകൾ എന്നിവയൊക്കെ അവരുടെ വാണിജ്യചരക്കുകളായിരുന്നു. ഊഹക്കച്ചവടം, സാധനം കാണാതെയുള്ള മുൻ കൂർ കച്ചവടം തുടങ്ങി തികച്ചും ജാഹിലിയ്യാരീതിയും അവരുടെ ഇടപാടുകളിലുണ്ടായിരുന്നു.

അറേബ്യയെ വലിയ വാണിജ്യകേന്ദ്രമാക്കി മാറ്റാൻ ഈ യാത്രകൾ സഹായിച്ചു എന്ന കാര്യം സൂചിപ്പിച്ചു. അറേബ്യയുടെ പല ഭാഗങ്ങളിലും മാർക്കറ്റുകൾ തുറക്കൻ അത് സഹായകമായി. അവയിൽ പ്രധാനപ്പെട്ടവ ഇവയാണ്:

1. ദൂമതുൽ ജൻദൽ. ഇന്നത്തെ അൽജൗഫ്
2. ഹബാശ. ഇവിടെ പ്രവാചകനും വ്യാപാരം ചെയ്തിരുന്നു.
3. ബദ്ർ. ഇവിടെയായിരുന്നു അവരുടെ പ്രധാന ചന്തയും ആഘോഷവും നടന്നിരുന്നത്.
4. ബനൂഖൈനുഖാഅ്. (യഥ്രിബ്- ഇന്നത്തെ മദീന)
5. അൽറാബിയ - ഹദറമൗത്ത്. കൊള്ളലാഭത്തിന് പ്രസിദ്ധം.
6. ഉക്കാള് ചന്ത- കവിതാസ്വാദന പരിപാടിയും സാഹിത്യമത്സരവും ഇവിടെയായിരുന്നു നടന്നിരുന്നത്. പ്രധാന കച്ചവടകേന്ദ്രവും ഇവിടെയായിരുന്നു. തർക്കങ്ങൾക്ക് തീർപ്പ് കല്പിച്ചിരുന്നതും ഇവിടെ വെച്ചായിരുന്നു. പ്രവാചകനും ഇവിടെ കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു.
7. മജന്ന സൂഖ്
8. ദുൽമജാസ് - ഈ മൂന്ന് മാർക്കറ്റുകളും ഹജ്ജ് മാസങ്ങളിലാണ് സജീവമായിരുന്നത്. അതിനാൽ തന്നെ അവിടെ വിശ്വസ്തമായ കച്ചവട രീതിയാണുണ്ടായിരുന്നത്.

ഈ വാണിജ്യം അവരെ സാമ്പത്തികമായി ഉയർത്തി. അതിനിടയിലാണ് ക്രി.570ൽ അബ്റഹത്ത് കഅ്ബയെ ആക്രമിച്ചത്. അത് അവർ ഉണ്ടാക്കിയതെല്ലാം നഷ്ടപ്പെടുത്താനും നിത്യദുരിതത്തിൽ അകപ്പെടാനും നിമിത്തമാകുമായിരുന്നു. എന്നാൽ അല്ലാഹു അബ്റഹത്തിനെയും കൂട്ടരെയും നശിപ്പിച്ചു. അതോടെ കഅ്ബ ദൈവികഭവനമാണെന്ന അവരുടെ വിശ്വാസം ശക്തമായി. കൂടാതെ തങ്ങൾ അനുഭവിക്കുന്ന അനുഗ്രഹങ്ങളെല്ലാം ദൈവം തന്നതാണെന്ന വിശ്വാസവും അവരിൽ ഉണ്ടായി. മറുവശത്ത് കഅ്ബയുടെ ആളുകൾ എന്ന നിലക്ക് ഖുറൈശികൾ അറേബ്യയിൽ കൂടുതൽ ആദരണീയരാവുകയും ചെയ്തു.

ഈ വസ്തുതകളെല്ലാം പ്രതിപാദിച്ചുകൊണ്ടാണ് അവരോട് അനുഗ്രഹദായകനായ ഏകദൈവത്തെ മാത്രം ആരാധിക്കണമെന്ന് കല്പിച്ചത്.